**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 548** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട നിർവ്വഹണ ചുമതല ഏത് വകുപ്പിനാണെന്നും ഭരണാനുമതി പ്രകാരം അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** പുനലൂർ നിയോജക മണ്ഡലത്തിലെ പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട നിർവ്വഹണ ചുമതല പൊതുമരാമത്ത് വകുപ്പിനാണ്. പ്രസ്തുത പ്രവർത്തിയുടെ അടങ്കൽ തുക 320 ലക്ഷം രൂപയാണ്.

**(ബി)** പ്രസ്തുത എക്സൈസ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പ്രസ്തുത എക്സൈസ് കോംപ്ലക്സിന്റെ മൂന്ന് നിലകളുടെ കോൺക്രീറ്റ് ജോലികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(സി)** പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** നിലവിൽ പ്രസ്തുത എക്സൈസ് കോംപ്ലക്സിന്റെ മൂന്ന് നിലകളുടെ കോൺക്രീറ്റ് ജോലികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**